
# ലോക സമാധാനത്തിന് രാഷ്ട്രങ്ങൾ നീതിതത്ത്വങ്ങൾ പാലിക്കുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
(ഖലീഫത്തുൽ മസീഫ് V)





This booklet **LOKASAMADANATHINNU RASTRANGAL NEETHITATWANGAL PALIKKUKA** is the malayalam rendition of the lecture delivered by **HADRATH MIRZA MASROOR AHMAD** head of the world wide Ahmadiyya Muslim Community at British Parliament on the occation of a reception in connection with Ahmadiyya Khilafath Centenary on 22th Oct. 2008

അഹ്മദിയ്യാ ഖിലാഫത്ത്
ശതവാർഷികത്തോടനുബന്ധിച്ച്
2008 ഒക്ടോബർ 22ന് ബ്രിട്ടീഷ് പാർലമെന്റ്
നൽകിയ സ്വീകരണവേളയിൽ
പാർലമെന്റംഗങ്ങളെ അഭിസംബോധന ചെയ്ത്
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഖലീഫ **ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
നിർവ്വഹിച്ച പ്രസംഗം


ISLAM INTERNATIONAL PUBLICATIONS
Fort Road- Kannur, KERALA


Rs. 5

# ലോക സമാധാനത്തിന് രാഷ്ട്രങ്ങൾ നീതിതത്ത്വങ്ങൾ പാലിക്കുക


**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

(ഖലീഫത്തുൽ മസീഹ് V)


വിവ: **എ.എം. മുഹമ്മദ് സലിം**

**2008 ഒക്ടോബർ 22ന്
ബ്രിട്ടീഷ് പാർലിമെന്റിനെ
അഭിസംബോധന ചെയ്തു
നടത്തിയ പ്രഭാഷണം**


**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**

**ഫോർട്ട് റോഡ്, കണ്ണൂർ, കേരള**

**Loka Samadhanathinnu Rashtrangal**
**Neethi Tatwangal Palikkuka**

Malayalam Translation of
Parliamentary address of
**Hazrath Mirza Masroor Ahmad**
(Khalifatul Masih V
Head of the world wide Ahmadiyya
Muslim Community)
At the British Parliament on 22 Oct 2008

**Translated by**: A.M. Mohammed Salim

**Type Setting** : Victory Creations, Calicut -2

**Printed** : Prameela Press, Calicut

March 2009

IIPK/26

Rs. 5/-

**Publishers**

Islam International Publications
Fort Road, Kannur

# പ്രസാധക കുറിപ്പ്

ആധുനിക ജനാധിപത്യത്തിന്റെ ഗർഭഗൃഹമാണ് ബ്രിട്ടീഷ് പാർലമെന്റ്. വാസ്തവത്തിൽ ഇസ്‌ലാം വില മതിക്കുന്ന നിരവധി മൂല്യങ്ങൾക്ക് നിയമരൂപം നല്കി ഉറപ്പ് നല്കപ്പെട്ട അവകാശങ്ങളാക്കി മാറ്റിയത് ബ്രിട്ടീഷ് പാർലമെന്റാണ്. സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, മതസ്വാതന്ത്ര്യത്തിനും ആചരണത്തിനുമുള്ള അവകാശം, ചൂഷണത്തിനെതിരായ അവകാശം, അറിവിനു വേണ്ടിയുള്ള അവകാശം ജനാധിപത്യ സുസ്ഥിരതക്കുള്ള അവകാശം എന്നിങ്ങനെ ഇസ്‌ലാം അങ്ങേയറ്റം വിലമതിക്കുന്ന ഇത്തരം മനുഷ്യാവകാശങ്ങളിൽ പലതും നൂറ്റാണ്ടുകളായി നടത്തിയ സുചിന്ത്യങ്ങളായ ചർച്ചയിലൂടെ ബ്രിട്ടീഷ് പാർലമെന്റാണ് നിയമങ്ങളായി സാക്ഷാൽക്കരിച്ച് ലോകത്തിന് സമ്മാനിച്ചത്. ഇത്തരം മനുഷ്യാവകാശ ങ്ങൾ മിക്ക മുസ്‌ലിം രാജ്യങ്ങൾക്കും എന്താണെന്ന് പോലും അറിയല്ല. മനുഷ്യാവകാശനിഷേധങ്ങളുടെ പേരിൽ അന്തർദേശീയ വേദികളിൽ മുസ്‌ലിം രാജ്യങ്ങൾ നിരന്തരം ആക്ഷേപിക്കപ്പെട്ടു കൊണ്ടിരിക്കുക യുമാണ്. ഇസ്‌ലാം വിഭാവനം ചെയ്യുന്ന മനുഷ്യാവകാശങ്ങളും ജനാധിപത്യ ഭരണസംവിധാനവും ഉൾക്കൊ ള്ളുന്ന നമ്മുടെ ഇന്ത്യൻ ഭരണഘടനയുടെ പ്രാഗ്‌രൂപം നമുക്ക് നല്കിയതും ബ്രിട്ടീഷ് പാർലമെന്റാണ് എന്ന കാര്യവും ശ്രദ്ധേയമാണ്.

1935ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ 'ഇന്ത്യാഗവർമെന്റ് നിയമ'ത്തിന്റെ ഏറെക്കുറെ വിപുലീകൃത രൂപമാണ് 1949 ജനുവരി 26ന് നമ്മുടെ പാർലമെന്റ് അംഗീകരിച്ച ഇന്ത്യൻ ഭരണഘടന. അതിന്റെ മുഖ്യ ശിൽപിയായ ഡോ. അംബേദ്കർതന്നെ ഈ ബ്രിട്ടീഷ് വിധേയത്വം ഏറ്റുപറയുകയും ബ്രിട്ടീഷ് നീതിതത്ത്വ ങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ സന്നിവേശിപ്പിക്കുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ജനാധിപത്യതത്ത്വങ്ങളുടെ മഹൽസ്ഥാപനമായി ബ്രിട്ടീഷ് പാർലമെന്റ് നിലകൊള്ളുന്നു.

ഇസ്രയേലി മസീഹ് ഹദ്റത്ത് യേശു(അ)വിന്റെ കാലത്ത് പലസ്തീൻ ബ്രിട്ടീഷ് ഇന്ത്യയെപോലെ ഒരു റോമൻ കോളനിയായിരുന്നു. യേശു(അ)വിനെതിരെ വ്യാജാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അന്ന് യഹൂ ദപ്രമാണിമാർ പലസ്തീനിലെ റോമൻ കോടതിയിൽ പീലാത്തോസിനു മുമ്പാകെ പരാതി ബോധിപ്പിച്ചു. യേശുവിനെ വിചാരണ ചെയ്ത നീതിമാനായ പീലാത്തോസ് യേശു(അ)വിൽ കുറ്റമൊന്നും കണ്ടില്ലെങ്കിലും നിർഭയനായി മനസ്സാക്ഷിയുടെ വിധി നടപ്പാക്കാൻ റോമൻ നീതിസംവിധാനത്തിനു കീഴിൽ അദ്ദേഹത്തിന് സാധ്യമായില്ല. യഹൂദി പ്രമാണികളുടെ ഭീഷണിയും അദ്ദേഹത്തിനുണ്ടായിരുന്നു. നിസ്സഹായനായ പിലാ ത്തോസ് യേശു(അ)വിനെ ക്രൂരരായ യഹൂദികളുടെ കൈയ്യിൽ ഏല്പിക്കുകയാണ് ചെയ്തത്. എന്നാൽ, ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഹദ്റത്ത് അഹ്മദി(അ)നെതിരെ അന്നത്തെ മുസ്‌ലിം നേതാക്ക ന്മാരും, ക്രൈസ്തവ പുരോഹിതന്മാരും വ്യാജാരോപണങ്ങൾ ഉന്നയിച്ച് ബ്രിട്ടീഷ് ഇന്ത്യയിലെ കോടതി യിൽ പരാതി ബോധിപ്പിക്കുകയുണ്ടായി. ക്രിസ്ത്യൻ മതപുരോഹിതനായ റവ: മാർട്ടിൻ ക്ലാർക്ക് നല്കിയ ഈ വ്യാജ കുറ്റാരോപണം അന്നത്തെ നീതിമാനായ ബ്രിട്ടീഷ് ജഡ്ജി ക്യാപ്റ്റൻ എം. ഡബ്ളിയു. ഡഗ്ളസ് കള്ളമാണെന്ന് കണ്ടെത്തി ഹദ്റത്ത് അഹ്മദ്(അ)നെ കുറ്റവിമുക്തനാക്കി. വ്യാജാരോപണം നടത്തിയ സ്വന്തം മതത്തിലെ മതപുരോഹിതന്റെ വാദങ്ങൾ മതപരമായ വിദ്വേഷത്താൽ കെട്ടിച്ചമച്ച കള്ളക്കഥയാണെന്ന് കണ്ടപ്പോൾ നീതിമാനായ ബ്രിട്ടീഷ് ജഡ്ജി ഡഗ്ളസ് പീലാത്തോസിനെപോലെ ഇതികർത്തവ്യാമൂഢനായി ശങ്കിച്ചു നിന്നില്ല. ഇത് ബ്രിട്ടീഷ് നീതിസംവിധാനത്തിന്റെ നിഷ്പക്ഷതയും ആർജവത്തോടെ നീതി നടപ്പാ ക്കാനുള്ള സന്നദ്ധതയും സൂചിപ്പിക്കുന്നു. ആ കാലത്തെ ഇന്ത്യൻ സമൂഹത്തിലെ നാട്ടുരാജാക്കന്മാരു ടേയും പ്രമാണിമാരുടെയും മതനേതാക്കന്മാരുടേയും ആക്ഷേപാർഹമായ നീതിനിർവ്വഹണ സമ്പ്രദായ ത്തിൽ നിന്ന് വ്യത്യസ്തമായി സത്യസന്ധതയോടെ നീതി നടപ്പാക്കുന്ന ബ്രിട്ടീഷ് നീതിസംവിധാനം ഏറ്റവും പ്രശംസനീയമായിരുന്നു എന്നത് ഒരു ചരിത്രവസ്തുതയാണ്.

അത്തരത്തിൽ ജനാധിപത്യത്തിന്റെ ഭുവനപ്രസിദ്ധമായ ശ്രീകോവിലെന്ന് വിളിക്കപ്പെടുന്ന ഒരു മഹൽസ്ഥാ പനമാണ് ബ്രിട്ടീഷ് പാർലമെന്റ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതാബ്ദി വേളയിൽ ആദരവുകളർപ്പിക്കാനും തങ്ങളെ അഭിസംബോധന ചെയ്യാനും അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിനെ ബ്രിട്ടീഷ് പാർലമെന്റ് ക്ഷണിച്ചത് അത്യപൂർവ്വമായ ഒരു ബഹുമതിയായി ഞങ്ങൾ കണക്കാക്കുന്നു.

ബ്രിട്ടീഷ് പാർലമെന്റിനെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് നട ത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിന്റെ പൂർണ്ണ രൂപമാണ് ഞങ്ങൾ ഇവിടെ പ്രസിദ്ധീകരിക്കുന്നത്. ലോകത്തിലെ എതൊരു ദാർശനിക ജീവിതപദ്ധതിയെക്കാളും വിശ്വശാന്തി ആഗ്രഹിക്കുന്ന മതമാണ് ഇസ്‌ലാം. വിശുദ്ധ ഖുർആനിലെ സുവർണ്ണ തത്ത്വങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇസ്‌ലാംമതത്തിന്റെ പ്രതിനിധിയായി ലോക

രാഷ്ട്രീയത്തിൽ ഗണ്യമായ സ്വാധീനങ്ങളുള്ള ബ്രിട്ടീഷ് പാർലമെന്റംഗങ്ങൾക്ക് മുമ്പിൽ അഹ്മദിയ്യാ ഖലീഫ നടത്തിയ പ്രഭാഷണം തീർച്ചയായും ചരിത്രത്തിൽ ഇടം നേടാതിരിക്കില്ല.

അഹ്മദിയ്യാ ഖലീഫയുടെ ഈ പ്രഭാഷണം ***'ലോകസമാധാനത്തിന് രാഷ്ട്രങ്ങൾ നീതിതത്ത്വങ്ങൾ പാലിക്കുക,'*** എന്ന പേരിൽ ഞങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുകയാണ്. ഈ വിവർത്തനം നിർവ്വഹിച്ചത് എ. എം. മുഹമ്മദ് സലിം സാഹിബാണ്. അല്ലാഹു ഈ സദുദ്യമം സാർത്ഥ കമാക്കിത്തീർക്കട്ടെ.

**പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്**
പ്രസിഡന്റ്
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്,
കേരള, കണ്ണൂർ

# പരമകാരുണികനും കരുണാനിധിയുമായ
# അല്ലാഹുവിന്റെ നാമത്തിൽ

മത സംഘടനയുടെ നേതാവ് എന്ന നിലയിൽ ഒരു ഹ്രസ്വ ഭാഷണത്തിന്നായി എന്നെ ക്ഷണിച്ച തിന് ബഹുമാന്യരും ആദരണീയരുമായ പാർലമെന്റ് അംഗങ്ങളോടും അതിഥികളോടും ഞാൻ ആദ്യ മായി നന്ദി പറയുന്നു. നമ്മുടെ പാർലമെന്റംഗം ജസ്റ്റീൻ ഗ്രീനിനോട് ഞാൻ അത്യധികം കൃതജ്ഞതയുള്ളവനായിരിക്കും. അവരുടെ നിയോജകമണ്ഡലത്തിലെ ഈ ചെറിയ മതസമൂഹത്തിന്റെ ഖിലാഫത്ത് ശതവാർഷികാഘോഷവേളയിൽ ഇത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ അവർ വളരെയേറെ യത്നിക്കുകയുണ്ടായി. അത് അവരുടെ മഹത്ത്വത്തേയും ഹൃദയവിശാലതയേയും എല്ലാ വിഭാഗം ജനങ്ങളുടേയും വികാരങ്ങൾ മാനിക്കാനുള്ള സമഭാവനയേയും സൂചിപ്പിക്കുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജനവിഭാഗം ഒരു ചെറിയ സമൂഹമാണെങ്കിലും അവർ ഇസ്‌ലാംമതത്തിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ പ്രതിനിധികളും ഇസ്‌ലാം മതത്തിന്റെ യഥാർത്ഥ മാതൃകാവാഹകരുമാണ്. ബ്രിട്ടനിൽ ജീവിക്കുന്ന ഓരോ അഹ്മദിയും ഈ രാജ്യത്തോട് അങ്ങേയറ്റം കൂറുള്ളവനും ഈ രാജ്യത്തെ സ്നേഹിക്കുന്നവനുമാണെന്ന് നിശ്ചയമായും എനിക്ക് പറയാൻ സാധിക്കും. നമ്മുടെ വിശുദ്ധ പ്രവാചകൻ നബി തിരുമേനി (ദൈവത്തിന്റെ ശാന്തിയും അനുഗ്രഹവും അദ്ദേഹത്തിൽ വർഷിക്കുമാറാകട്ടെ) യുടെ ഉത്കൃഷ്ടമായ അദ്ധ്യാപനങ്ങളാണ് അതിന് കാരണം. ഒരാളുടെ രാജ്യ സ്നേഹം അയാളുടെ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണെന്നാണ് ആ മഹാത്മാവ് ഞങ്ങളെ പഠിപ്പിച്ചത്. വാഗ്ദത്ത മസീഹും, കാലഘട്ടത്തിന്റെ പരിഷ്ക്കർത്താവെന്ന് ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്ന അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഈ ഇസ്‌ലാമികാദ്ധ്യാപനത്തെ കൂടുതൽ വിശദീകരിക്കുകയും ഊന്നിപ്പറയുകയുമുണ്ടായി.

ദൈവം തന്നിൽ രണ്ട് ഉത്തരവാദിത്വങ്ങൾ ഭരമേല്പ്പിച്ചിരിക്കുന്നതായി വാഗ്ദത്ത മസീഹ് തന്റെ ദിവ്യദൗത്യം പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു. അതിൽ ഒന്ന് ദൈവത്തോടുള്ള കടമയും മറ്റൊന്ന് ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമയുമാണ്. അതിൽ ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമയാണ് ഏറ്റവും വിഷമകരമായത്. നിർവ്വഹിക്കാൻ അങ്ങേയറ്റം സൂക്ഷ്മത ആവശ്യപ്പെടുന്ന കാര്യവും അത് തന്നെ.

ഖിലാഫത്തിനെപ്പറ്റി പരാമർശിക്കുമ്പോൾ നിങ്ങൾ ഒരുപക്ഷേ ഭയപ്പെട്ടുപോകുന്നുണ്ടാവാം. ഖിലാഫത്ത് പോലെയുള്ള മതനേതൃത്വങ്ങളുടെ ഫലമായി ചരിത്രം പുനരാവർത്തിക്കപ്പെടുന്ന ഒരു കാലഘട്ടം സംജാതമാവുമെന്നും സംഘർഷങ്ങൾക്ക് അത് നാന്ദികുറിക്കുമെന്നുമായിരിക്കാം നിങ്ങളുടെ ഭീതി. ഇസ്‌ലാമിനെതിരായി ഇങ്ങനെയൊരാരോപണം നിലനില്ക്കുന്നുണ്ടുതാനും. ദൈവം ഇച്ഛിക്കുകയാണെങ്കിൽ, അഹ്മദിയ്യാ ഖിലാഫത്ത് എപ്പോഴും വിശ്വശാന്തിയുടേയും സൗഹൃദത്തിന്റേയും ധ്വജവാഹകരായിട്ടായിരിക്കും അറിയപ്പെടുക എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു. അപ്രകാരം അതിലെ അംഗങ്ങൾ തങ്ങൾ ജീവിക്കുന്ന രാജ്യത്തോട് കൂറുള്ളവരുമായിരിക്കും.

മഹ്ദി മസീഹിന്റെ ദൗത്യത്തിന്റെ അനുസ്യൂതമായ തുടർച്ചക്ക് വേണ്ടിയാണ് അഹ്മദിയ്യാ ഖിലാഫത്ത് നിലകൊള്ളുന്നത്. അതുകൊണ്ട് നിങ്ങൾ ഖിലാഫത്തിനെ ഒട്ടും ഭയപ്പെടേണ്ടതില്ല. വാഗ്ദത്ത മസീഹ് അയക്കപ്പെട്ടത് ഏത് കടമകളുടെ പൂർത്തീകരണത്തിനു വേണ്ടിയാണോ ആ രണ്ടു കടമകളെ സംബന്ധിച്ചും ഖിലാഫത്ത് അതിന്റെ അംഗങ്ങളെ ജാഗരപ്പെടുത്തിക്കൊണ്ടിരിക്കും. സ്രഷ്ടാവിനോടും സൃഷ്ടിയോടുമുള്ള ആ കടമകളുടെ നിർവ്വഹണശ്രമത്തിന്റെ ഫലമായിട്ടാണ് ലോകത്ത് ശാന്തിയും സമാധാനവും സംജാതമാവുക.

സമയ പരിമിതി കാരണം ഞാൻ ആമുഖമില്ലാതെ വിഷയത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളെപ്പറ്റി നാം നിഷ്പക്ഷമായ നിരീക്ഷണം നടത്തുകയാണെങ്കിൽ ലോകത്ത് അര

ങ്ങേറിയ യുദ്ധങ്ങളെല്ലാം തന്നെ യഥാർത്ഥത്തിൽ മതയുദ്ധങ്ങളായിരുന്നില്ല എന്ന് കാണാം. ആ യുദ്ധ ങ്ങൾ മിക്കവാറും ദേശീയ രാഷ്ട്രീയത്തിന്റെ സ്വഭാവമുള്ളവയായിരുന്നു. സമകാലീന ലോകത്ത് പോലും രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങളെക്കുറിച്ചും ശത്രുതകളെ സംബന്ധിച്ചും നാം അവ ലോകനം നടത്തുകയാണെങ്കിൽ അവയെല്ലാം തന്നെ രാഷ്ട്രീയവും മേഖലാപരവുമാണെന്ന് കാണാം. അതുപോലെ അവ സാമ്പത്തിക താല്പര്യങ്ങളിൽനിന്ന് ഉത്ഭവിച്ചതുമാണെന്നും കാണാം.

രാഷ്ട്രീയവും സാമ്പത്തികവുമായ രാഷ്ട്രങ്ങളുടെ ഇന്നത്തെ ഗതിക്രമം നോക്കുകയാണെങ്കിൽ ലോക രാജ്യങ്ങൾ ഒരു യുദ്ധത്തിലേക്ക് നീങ്ങിയേക്കുമെന്നാണ് എന്റെ ഭീതി. യുദ്ധം ലോകത്തിലെ ദരിദ്ര രാജ്യങ്ങളെ മാത്രമല്ല സമ്പന്ന രാജ്യങ്ങളേയും ബാധിക്കുന്ന ഒന്നാണ്. അതുകൊണ്ട് മനുഷ്യരാ ശിയെ നാശത്തിന്റെ വക്കിൽനിന്ന് രക്ഷിക്കാൻ വൻശക്തികൾ ഒരു മേശക്ക് ചുറ്റുമിരുന്ന് പരിഹാര ങ്ങൾ ആരായേണ്ടിയിരിക്കുന്നു. വികസിത രാജ്യങ്ങളുടെ മേലും വികസ്വര രാജ്യങ്ങളുടെ മേലും വൻശക്തി രാജ്യങ്ങളിലൊന്നായ ബ്രിട്ടന് ഇക്കാര്യത്തിൽ സ്വാധീനം ചെലുത്താനാവും.

നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ സമത്വത്തിന്റേയും നീതിയുടേയും തത്ത്വങ്ങൾ മുറുകെ പിടി ച്ചുകൊണ്ട് ഇക്കാര്യത്തിൽ നിങ്ങൾക്ക് ലോകത്തെ നയിക്കാവുന്നതാണ്.

സമീപഭൂതകാലം നാം നിരീക്ഷണത്തിന് വിധേയമാക്കുകയാണെങ്കിൽ ബ്രിട്ടൻ നിരവധി രാജ്യ ങ്ങൾ ഭരിച്ചതായി കാണാം. അവിടങ്ങളിലെല്ലാം, വിശിഷ്യാ ഇന്ത്യാ ഉപഭൂഖണ്ഡത്തിലും പാകിസ്താ നിലും ഉന്നതമായ ഒരു നീതിവ്യവസ്ഥയും മതസ്വാതന്ത്ര്യവും അവശേഷിപ്പിച്ചുകൊണ്ടാണ് ബ്രിട്ടൻ പിൻവാങ്ങിയത്. അഹ്മദിയ്യാ മുസ്ലിം സമൂഹം ഇതിന് സാക്ഷിയാണ്. നീതിയിലധിഷ്ഠിതമായ നയ ങ്ങളുടെ പേരിലും മതസ്വാതന്ത്ര്യം അനുവദിച്ചതിന്റെ പേരിലും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപ കർ ബ്രിട്ടീഷ് ഭരണകൂടത്തെ വളരെയേറെ പ്രശംസിച്ചിട്ടുണ്ട്. വിക്ടോറിയാ രാജ്ഞിയുടെ ഭരണത്തിന്റെ വജ്രജൂബിലിയാഘോഷവേളയിൽ അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകർ അവരെ അഭിനന്ദിക്കുകയും ഇസ്ലാം മതത്തിന്റെ സന്ദേശം അവരെ അറിയിക്കുകയും സമഭാവനയോടെ നീതി നടപ്പാക്കുന്ന ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ മുൻനിറുത്തി അവർക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥി ക്കുകയും ചെയ്തിട്ടുണ്ട്. സർവ്വ ശക്തനായ ദൈവം നിങ്ങളിൽ അനുഗ്രഹം വർഷിക്കട്ടെ. ബ്രിട്ടൻ ഞങ്ങളോട് നീതിപൂർവ്വം പെരുമാറിയ സന്ദർഭങ്ങളിലെല്ലാം ഞങ്ങൾ കൃതജ്ഞതയുള്ളവരായിരുന്നി ട്ടുണ്ടെന്ന് ഞങ്ങളുടെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. ഇത് ഭാവിയിലും തുടരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. മത കാര്യങ്ങളിൽ മാത്രമല്ല, മറ്റെല്ലാ കാര്യങ്ങളിലും ബ്രിട്ടീഷ് ഭരണകൂടത്തിന്റെ തിരി ച്ചറിയൽമുദ്ര നീതിയുടെ പ്രകാശനമാണ്. ഭൂതകാലത്തിലെ നിങ്ങളുടെ ഈ മഹത്തായ ഗുണം നിങ്ങൾ ഒരിക്കലും വിസ്മരിക്കരുത്.

ഇന്ന് ലോകം സംഘർഷഭരിതവും വൻതോതിൽ കലാപകലുഷിതവുമാണ്. വൻശക്തി രാഷ്ട്ര ങ്ങൾ ലോകത്ത് സമാധാനവും ശാന്തിയും കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്ന് പറയുമ്പോഴും ചില സ്ഥലങ്ങളിൽ ചെറിയ തോതിൽ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നതായി നാം കാണുന്നു.

ഇവിടങ്ങളിലെല്ലാം നീതിയുടെ തത്ത്വങ്ങൾ പ്രാവർത്തികമാക്കിയില്ലെങ്കിൽ ഈ പ്രാദേശികയുദ്ധ ങ്ങളുടെ തീയും ചൂടും വളർന്ന് ലോകത്ത് മറ്റെല്ലായിടങ്ങളിലും പടർന്നു പിടിക്കും. അതുകൊണ്ട്, നിങ്ങളോടുള്ള എന്റെ വിനീതമായ അഭ്യർത്ഥന ലോകത്തെ ഈ വിനാശത്തിൽ നിന്ന് രക്ഷിക്കണമെ ന്നാണ്.

ലോകത്ത് ശാന്തി കൈവരിക്കാനുള്ള ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് അല്ലെങ്കിൽ ഇത്തരം അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ എങ്ങനെ സമാധാനം സ്ഥാപിക്കാമെന്നുള്ളതിനെക്കുറിച്ച് ഞാനി പ്പോൾ ചുരുക്കി വിവരിക്കാം. ഇസ്ലാം ആരെയാണോ അഭിസംബോധന ചെയ്തത് അവർ ലോകത്ത് സമാധാനം സ്ഥാപിക്കണമെന്നാണ് എന്റെ പ്രാർത്ഥന. ഈ സമാധാന തത്ത്വങ്ങൾക്കനുസരിച്ച് പ്രവർത്തി ക്കേണ്ടത് ലോകത്തിലെ എല്ലാ ഭരണകൂടങ്ങളുടേയും ബാദ്ധ്യതയാണ്.

നമുക്ക് ഊഹിക്കാൻ പോലും കഴിയാത്ത വിധത്തിൽ ഇന്ന് ലോകം ചുരുങ്ങി ഒരു ആഗോളഗ്രാമമായി മാറിയിരിക്കുന്നു. അതുകൊണ്ട് മനുഷ്യൻ എന്ന നിലയ്ക്ക് നമ്മുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി നാം ബോധവാന്മാരാവുകയും മനുഷ്യാവകാശ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രദ്ധ ചെലുത്തുകയും വേണം. അത് ലോകത്ത് ശാന്തി സ്ഥാപിക്കാൻ സഹായകമായിരിക്കും. വ്യക്തമായും ഈ പരിശ്രമം നീതിതത്ത്വങ്ങളിലധിഷ്ഠിതവും അവക്കനുസൃതമായിക്കൊണ്ടുള്ളതുമായിരിക്കണം.

ഇന്നത്തെ പ്രശ്നങ്ങൾക്കിടയിൽ നിന്ന് മറ്റൊരു പ്രശ്നം ഉയർന്നു വന്നിരിക്കുകയാണ്. അത് പ്രത്യക്ഷമായോ പരോക്ഷമായോ മതവുമായി ബന്ധപ്പെട്ടതാണ്. ചില മുസ്‌ലിം ഗ്രൂപ്പുകൾ, അമുസ്‌ലിംകളെ വധിക്കാനും പരിക്കേല്പ്പിക്കാനും നിയമവിരുദ്ധമായി മതത്തിന്റെ പേരിൽ ആക്രമണങ്ങൾ നടത്തുകയും ചാവേറുകളായി ബോംബ് സ്ഫോടനങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ ആക്രമണങ്ങൾക്ക് വിധേയരാകുന്നവരിൽ പട്ടാളക്കാരും നിരപരാധികളായ സിവിലിയൻമാരുമുണ്ട്. അപ്രകാരം, മുസ്‌ലിംകളിലെതന്നെ മുതിർന്നവരേയും കുട്ടികളേയും അവർ നിഷ്ഠൂരമായി കൊലപ്പെടുത്തുകയും ചെയ്യുന്നു. ഈ നൃശംസത ഒരിക്കലും ഇസ്‌ലാമിന് അംഗീകരിക്കാൻ സാധ്യമല്ല. ചില മുസ്‌ലിംകളുടെ ഇത്തരം ഘോരമായ പ്രവൃത്തി കാരണം അമുസ്‌ലിം രാജ്യങ്ങളിൽ ഇസ്‌ലാമിനെതിരെ തികച്ചും തെറ്റായ ഒരു പ്രതിഛായ ഉണ്ടായിവന്നിട്ടുണ്ട്. ഇതിന്റെ ഫലമായി സമൂഹത്തിലെ ചില ഭാഗങ്ങളിൽ നിന്ന് ഇസ്‌ലാമിനെതിരെ തുറന്നനിലയിൽ വിമർശനമുയരുന്നു. ചിലർ അത് തുറന്നുപറയുന്നില്ല എന്ന് മാത്രം. ഇസ്‌ലാമിനെ സംബന്ധിച്ച് അവർ ഹൃദയത്തിൽ നല്ല അഭിപ്രായമല്ല വെച്ചുപുലർത്തുന്നത്. മുസ്‌ലിംകൾക്കിടയിലെ ഒരു ചെറുസംഘത്തിന്റെ ഈ സമീപനം അമുസ്‌ലിം പാശ്ചാത്യ രാഷ്ട്രങ്ങൾക്കിടയിൽ മുസ്‌ലിംകൾക്കെതിരെ ഒരു അവിശ്വാസം ഉണ്ടാക്കിയിട്ടുണ്ട്. ഇതിനെതിരെ ചില അമുസ്‌ലിം രാജ്യങ്ങളുടെ നിഷേധാത്മകമായ പ്രതികരണം സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പകരം വഷളാക്കിയിരിക്കയാണ്.

തെറ്റായ രീതിയിലുള്ള ഈ പ്രതികരണത്തിന്റെ ആദ്യത്തെ ഇര ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകനും മുസ്‌ലിംകളുടെ വിശുദ്ധ ഗ്രന്ഥമായ ഖുർആനുമാണ്. ഇക്കാര്യത്തിൽ ബ്രിട്ടനിലെ എല്ലാ രാഷ്ട്രീയക്കാരുടേയും ബുദ്ധിജീവികളുടേയും സമീപനം മറ്റു രാജ്യങ്ങളിലുള്ളത് പോലെയായിരുന്നില്ല. ഞാനവരോട് ഇക്കാര്യത്തിൽ നന്ദിയുള്ളവനാണ്. വികാരങ്ങൾ വ്രണിതമാക്കി വെറുപ്പും വിദ്വേഷവും വർദ്ധിപ്പിക്കുകയല്ലാതെ അത്തരം നിഷേധാത്മക പ്രതികരണങ്ങൾ കൊണ്ട് എന്താണ് പ്രയോജനം? അത്തരം വിദ്വേഷാത്മക പ്രതികരണങ്ങൾ ചില തീവ്രവാദി മുസ്‌ലിംകളെ പ്രകോപിതരാക്കുന്നു. അവർ ചെയ്യുന്ന ഇസ്‌ലാമിക വിരുദ്ധമായ പ്രവൃത്തികൾ വീണ്ടും നിരവധി അമുസ്‌ലിംകളിൽ എതിർപ്പ് തീക്ഷ്ണമാക്കാൻ കാരണമാവുകയും ചെയ്യുന്നു.

എന്തായിരുന്നാലും ഇസ്‌ലാമിന്റെ വിശുദ്ധ പ്രാവചകനെ *(ദൈവത്തിന്റെ ശാന്തിയും അനുഗ്രഹവും അദ്ദേഹത്തിൽ വർഷിക്കുമാറാകട്ടെ)* അഗാധമായി സ്നേഹിക്കുന്ന തീവ്രവാദികളല്ലാത്ത മുസ്‌ലിംകളുടെ ഹൃദയം നബി തിരുമേനി (സ)ക്കെതിരെയുള്ള ഇത്തരം ഹീനമായ വിമർശനം മൂലം ആഴത്തിൽ മുറിവേല്പ്പിക്കപ്പെടുന്നു. ഈ വിധത്തിലുള്ള ഹീനവിമർശനങ്ങൾ അഹ്മദികളുടെ ഹൃദയത്തിലും ആഞ്ഞുതറക്കുന്നു. ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തി, വിശുദ്ധ പ്രവാചകരുടെ (സ) സമ്പൂർണ്ണവും തികവുറ്റതുമായ സ്വഭാവഗുണങ്ങളും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളും ലോകത്തിന് മുന്നിൽ അനാഛാദനം ചെയ്യുക എന്നതാണ്. ഞങ്ങൾ എല്ലാ പ്രവാചകന്മാരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അവരെല്ലാവരും ദൈവത്തിൽ നിന്ന് അയക്കപ്പെട്ട ദൂതന്മാരാണെന്നും വിശ്വസിക്കുന്നു. അവരെ സംബന്ധിച്ച് അനാദരമായി യാതൊന്നും ഞങ്ങൾക്ക് പറയാൻ സാധ്യമല്ല. ഞങ്ങളുടെ പ്രവാചകനെ (സ)തിരെ അടിസ്ഥാന രഹിതവും വ്യാജവുമായ ആരോപണങ്ങൾ കേൾക്കുമ്പോൾ ഞങ്ങൾ അങ്ങേയറ്റം ദുഃഖിതരാവുന്നു.

ലോകം ഇന്ന് പല ചേരികളായി വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുകയും തീവ്രവാദം വർദ്ധിച്ചുവരികയും ചെയ്യുന്നു. സാമ്പത്തികവും ധനവ്യവഹാരപരവുമായ അവസ്ഥയാകട്ടെ പരിതാപകരമായി തുടരുകയും

ചെയ്യുന്നു. ഈ അവസരത്തിൽ എല്ലാ തരത്തിലുമുള്ള വിദ്വേഷങ്ങളും അവസാനിപ്പിച്ച് സമാധാനത്തിന് അടിത്തറ പാകേണ്ടിയിരിക്കുന്നു. എല്ലാ ഓരോരുത്തരുടേയും വികാരം മാനിച്ചുകൊണ്ടേ സമാധാനം സാധ്യമാവൂ. ഇത്തരം സമാധാനശ്രമങ്ങൾ സത്യസന്ധമായും ധർമ്മചിന്തയോടും കൂടി നിർവ്വഹിച്ചില്ലെങ്കിൽ അത് അനിയന്ത്രിതമായ അശാന്തിയായി വളരുന്നതാണ്. സമ്പന്നരായ പാശ്ചാത്യ രാജ്യങ്ങൾ, ദരിദ്രരാജ്യങ്ങളിലേയും വികസ്വര രാജ്യങ്ങളിലേയും ജനങ്ങളെ തങ്ങളുടെ രാജ്യത്ത് കുടിയേറാൻ അനുവദിക്കുന്നു. ഇങ്ങനെ കുടിയേറുന്നവരിൽ നല്ലൊരു പങ്ക് മുസ്‌ലിംകളാണ്. ഇത്തരം കുടിയേറ്റങ്ങൾ അനുവദിക്കുന്ന സമ്പന്നരാജ്യങ്ങളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

കുടിയേറ്റക്കാരായ ഇത്തരം ജനതകളുടെ മതപരമായ വികാരങ്ങളും ആചാരങ്ങളുംകൂടി മാനിക്കപ്പെടണമെന്ന് യഥാർത്ഥ നീതി ആവശ്യപ്പെടുന്നു. ഈ വഴിക്ക് മാത്രമേ ജനങ്ങളുടെ മനശ്ശാന്തി അവികലമായി നിലനിറുത്താൻ സാധ്യമാകൂ. ഒരു വ്യക്തിയുടെ മനസ്സ് കലുഷിതമായാൽ ജനമനസ്സിനെയും അത് ബാധിക്കുന്നു.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, യാതൊരു ബാഹ്യ ഇടപെടലിനും അനുവദിക്കാതെ കേവല നീതിയുടെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടുകാണുന്നതിൽ ബ്രിട്ടീഷ് രാഷ്ട്രീയ പ്രവർത്തകരോടും നിയമനിർമ്മാണ സഭാംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്. വാസ്തവത്തിൽ വിശുദ്ധ ഖുർആൻ നമുക്ക് നല്കിയ, ഇസ്‌ലാം മതത്തിന്റെ അധ്യാപനം ***'മതത്തിൽ യാതൊരുവിധ ബലാൽക്കാരവുമില്ല.'*** (2:257) എന്നാണ്. ഖുർആന്റെ ഈയൊരാജ്ഞ ഇസ്‌ലാംമതം വാളുകൊണ്ട് പ്രചരിച്ചതാണെന്ന ആരോപണത്തിന് മറുപടി നല്കുക മാത്രമല്ല, വിശ്വാസ കാര്യങ്ങൾ ദൈവവും മനുഷ്യനുമായുള്ള ഇടപാടാണെന്നും മറ്റുള്ളവർക്ക് അതിൽ ഇടപെടാൻ യാതൊരർത്ഥത്തിലും അവകാശമില്ലെന്നും ഉദ്ഘോഷിക്കുന്നു. എല്ലാവർക്കും അവരവരുടെ മതവിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമനുസരിച്ച് ജീവിക്കാനനുവാദമുണ്ട്. അതുപോലെതന്നെ അന്യരെ ദ്രോഹിക്കുകയോ, അതാത് ദേശത്തെ നിയമങ്ങൾക്കെതിരെ പ്രവൃത്തിക്കുകയോ ചെയ്യുന്ന മതത്തിന്റെ പേരിലുള്ള ഏതൊരു ആചാരത്തേയും തടയാൻ ആ രാജ്യത്തെ നിയമങ്ങൾക്ക് അവകാശമുണ്ട്. ഏതെങ്കിലും മതം ഹിംസാത്മകമായ ആചാരാനുഷ്ഠാനങ്ങൾ വെച്ചു പുലർത്തുന്നുവെങ്കിൽ അതൊരിക്കലും തന്നെ ദൈവപ്രവാചകന്റെ അദ്ധ്യാപനമായി കണക്കാക്കാൻ സാധ്യമല്ല. ഇതാണ് പ്രാദേശികതലത്തിലും അന്തർദേശീയ തലത്തിലും സമാധാനം സ്ഥാപിക്കാനുള്ള അടിസ്ഥാന തത്ത്വം.

സമാധാനശ്രമങ്ങൾക്ക് ഇസ്‌ലാം ഒരു ചുവട് കൂടി മുന്നിലാണ്. അതായത് നിങ്ങൾ മതപരിവർത്തനം നടത്തിയത് കാരണം ഏതെങ്കിലുമൊരു സമൂഹമോ വിഭാഗമോ ഭരണകൂടമോ നിങ്ങളുടെ മതാചരണത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുവെന്ന് കരുതുക. പിന്നീട് സാഹചര്യം നിങ്ങൾക്ക് അനുകൂലമായാൽ നിങ്ങളെ ദ്രോഹിച്ച പീഢകരോട് ദ്രോഹബുദ്ധിയോ പകയോ വെച്ചുപുലർത്താൻ പാടില്ല എന്നതാണ് ഇസ്‌ലാമിന്റെ പാഠം. നിങ്ങൾ പ്രതികാര നടപടിക്ക് വേണ്ടി ചിന്തിക്കുന്നതിന് പകരം നീതിയും സമത്വവും നടപ്പാക്കുകയാണ് വേണ്ടത്. ഖുർ ആൻ പറയുന്നു:

***"വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന് നിങ്ങളോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതിപാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവൃത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്." (5:9).***

ഇതാണ് സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം. നിങ്ങളുടെ ശത്രുവിന് പോലും നീതി നിഷേധിക്കപ്പെടാൻ പാടില്ല.

ഇസ്‌ലാം മതത്തിന്റെ, ആദ്യകാലഘട്ടങ്ങളിൽ നീതിയുടെ എല്ലാ തത്ത്വങ്ങളും പാലിക്കപ്പെട്ടതായി നമുക്ക് കാണാം. ഇത് സംബന്ധിച്ച് കൂടുതലൊന്നും ഉദാഹരണങ്ങൾ ഞാൻ നല്കുന്നില്ല. ഒരു കാര്യം

മാത്രം പറയാം. മക്കാ വിജയത്തിന് ശേഷമുണ്ടായ സംഭവം നീതിപാലനത്തിന്റെ ചരിത്രസാക്ഷ്യമാണ്. തന്നെ അതികഠിനമായി പീഡിപ്പിച്ച മക്കാ ജനതയോട് പ്രവാചകൻ (സ) യാതൊരു പ്രതികാരനടപടിയും സ്വീകരിച്ചില്ല. പകരം അവർക്ക് മാപ്പരുളുകയും അവരോരുത്തരേയും തങ്ങളുടെ വിശ്വാസങ്ങൾക്കനുസൃതമായി ജീവിക്കാനനുവദിക്കുകയുമാണ് ചെയ്തത്. ശത്രുവിന് പോലും നീതിനല്കിക്കൊണ്ട് മാത്രമേ ഇന്നും സമാധാനം സ്ഥാപിക്കാൻ സാധ്യമാവൂ. മതതീവ്രവാദികൾക്കെതിരെയുള്ള യുദ്ധത്തിൽ മാത്രമല്ല, എല്ലാ യുദ്ധങ്ങളിലും നാം നീതിതത്ത്വങ്ങൾ പാലിക്കേണ്ടതുണ്ട്. അത്തരം സമാധാനം മാത്രമേ നീണാൾ വാഴുകയുള്ളു.

കഴിഞ്ഞ നൂറ്റാണ്ടിൽ രണ്ട് ലോകമഹായുദ്ധങ്ങൾക്ക് നാം സാക്ഷ്യം വഹിച്ചു. എന്തായിരുന്നു ഈ യുദ്ധങ്ങൾക്ക് കാരണം? സൂക്ഷ്മമായി വിശകലനം ചെയ്യുകയാണെങ്കിൽ ഒരേയൊരു കാരണം നമുക്ക് വ്യക്തമായി കണ്ടെത്താനാവും. നീതിതത്ത്വങ്ങൾ യഥോചിതം പാലിക്കപ്പെട്ടില്ല എന്നകാര്യമാണത്. ഇതിന്റെ ഫലമായി അണഞ്ഞുപോയി എന്ന് നാം കരുതിയ അഗ്നിയുടെ കനലുകൾ സാവകാശം എരിഞ്ഞു കത്താൻ തുടങ്ങി; മുഴുലോകത്തേയും ഗ്രസിക്കുമാറ് വീണ്ടും അവ ആളിക്കത്തുകയുമുണ്ടായി.

ഇന്ന് സംഘർഷങ്ങൾ വർദ്ധിക്കുകയാണ്, യുദ്ധങ്ങളും സമാധാന ശ്രമങ്ങളുമെല്ലാംതന്നെ മറ്റൊരു ലോകമഹായുദ്ധത്തിനുള്ള ഒരുക്കങ്ങളായി വരുകയും ചെയ്യുന്നു. അതിനേക്കാളുപരി സമകാലീന ലോകത്തെ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ ഈ അവസ്ഥയെ തീക്ഷ്ണമാക്കുന്നസ്രോതസ്സായി വർത്തിക്കുകയും ചെയ്യുന്നു

ലോകത്ത് സമാധാനം സ്ഥാപിക്കാൻ വിശുദ്ധ ഖുർആൻ ചില സുവർണ തത്ത്വങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. അത്യാഗ്രഹമാണ് ശത്രുതയുടെ വർദ്ധനവിന് കാരണമായി വർത്തിക്കുന്നത് എന്നത് സുസ്ഥാപിതമായ ഒരു യാഥാർത്ഥ്യമാണ്. ചിലപ്പോൾ അതിർത്തിവികസനം മുഖേനയോ പ്രകൃതിവിഭവങ്ങൾ പിടിച്ചടക്കലിലൂടെയോ അന്യരുടെ മേൽ മേധാവിത്വം സ്ഥാപിച്ചുകൊണ്ടോ ഈ അത്യാഗ്രഹം സ്വയം വെളിപ്പെടുന്നു. ഇത് ക്രൂരതയിലേക്ക് നയിക്കുന്നു. ചിലപ്പോൾ അത്യാഗ്രഹത്താൽ പ്രചോദിതരായി നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാൻ ചില സ്വേച്ഛാധിപതികൾ ജനങ്ങളുടെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ട് അവരുടെ മേധാവിത്വം സ്ഥാപിക്കുന്നു. അതല്ലെങ്കിൽ ദുരാഗ്രഹികളായ അധിനിവേശശക്തികളുടെ കൈയാൽ ഇത് നിർവ്വഹിക്കപ്പെടുന്നു. ഇങ്ങനെ അത്യാഗ്രഹത്താലുള്ള അത്യാചാരങ്ങളും ദ്രോഹങ്ങളും ഒരു രാജ്യത്തെ ജനങ്ങളുടെ നേരെ അനുവർത്തിക്കപ്പെടുമ്പോൾ ആ വിലാപങ്ങളും ദുഃഖങ്ങളും പുറംലോകത്തുമെത്തുന്നു.

പ്രവാചകൻ നമ്മെ പഠിപ്പിച്ചത്, ***'മർദ്ദിതനേയും ക്രൂരനായ മർദ്ദകനേയും സഹായിക്കണം'*** എന്നാണ്.

നബി തിരുമേനി (സ) യുടെ അനുചരന്മാർ ഈ മഹാത്മാവിനോട് ചോദിച്ചു: ***"മർദ്ദിതനെ സഹായിക്കണമെന്ന കാര്യം ഞങ്ങൾക്ക് മനസ്സിലായി. പക്ഷേ, ക്രൂരനായ മർദ്ദകനെ എങ്ങനെ സഹായിക്കും? പ്രവാചകൻ (സ) ഇപ്രകാരം പറഞ്ഞു: മർദ്ദകന്റെ കൈകളെ ക്രൂരകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്ന് തടയുക. ക്രൂരകൃത്യങ്ങൾ പരിധിവിട്ടാൽ അയാൾ ദൈവശിക്ഷക്ക് പാത്രമാകും. ദൈവത്തിന്റെ കാരുണ്യ പരിധിയിൽ നിന്ന് പുറത്താവുന്നതിൽ നിന്നും അയാളെ രക്ഷിക്കുക,"*** ഈ അനുജ്ഞസമൂഹത്തിന്റെ ഏറ്റവും അടിത്തട്ടുമുതൽ അന്തർ ദേശീയ തലം വരെ പ്രാവർത്തികമാക്കാവുന്നതാണ്.

ഇതോടനുബന്ധമായി വിശുദ്ധഖുർആൻ പറയുന്നു:

***"വിശ്വാസികളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിലൊരു വിഭാഗം മറ്റൊരു വിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നത്വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെ ഇടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുക. നീതിപാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു."*** (49:10).

ഇത് മുസ്‌ലിംകൾക്കായുള്ള അദ്ധ്യാപനമാണ്. ഈ തത്ത്വം വികസിപ്പിക്കുകയാണെങ്കിൽ അത് ലോകസമാധാനത്തിനുള്ള അടിസ്ഥാന ശിലയായി വർത്തിക്കുന്നതാണ്. സമാധാന പാലനത്തിന്നുള്ള ഏറ്റവും പ്രാഥമികമായ അവശ്യോപാധി നീതിപാലനമാണെന്ന് വിശദീകരിക്കപ്പെട്ടിരിക്കുന്നു. നീതിതത്ത്വങ്ങൾ പാലിക്കാൻ അക്രമി രാഷ്ട്രത്തെ നിർബന്ധിക്കുകയും സമാധാന ശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്താൽ ആ അക്രമിരാഷ്ട്രത്തിനെതിരെ ഐക്യപ്പെട്ടുകൊണ്ട് മറ്റുള്ളവർ യുദ്ധം ചെയ്യണം. അക്രമിരാജ്യം സമാധാനം സംജാതമാകുന്ന അവസ്ഥയിലേക്ക് വരുന്നതു വരെ യുദ്ധം തുടരാവുന്നതാണ്. അക്രമിരാജ്യം സമാധാനത്തിന് സന്നദ്ധമായാൽ ആ അക്രമിരാജ്യത്തോട് പ്രതികാരം ചെയ്യാൻ പാടില്ല എന്നതാണ് നീതിപാലന തത്ത്വം അനുശാസിക്കുന്നത്. അവരുടെമേൽ ഉപരോധമോ നിബന്ധനകളോ വെക്കാൻ പാടുള്ളതല്ല. എല്ലാ അർത്ഥത്തിലും അക്രമിരാജ്യത്തിനുമേൽ മറ്റുള്ളവർക്ക് ഒരു ജാഗ്രതാ നിരീക്ഷണ മുണ്ടായിരിക്കണം. അതേ സമയം അവസ്ഥകൾ നന്നാക്കിക്കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ ഉണ്ടാവുകയും വേണം.

ലോകത്തിലെ ചില രാജ്യങ്ങൾ ഇന്ന് സംഘർഷഭരിതമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, അതിൽ പ്രമുഖങ്ങളായവ ചില മുസ്‌ലിം രാജ്യങ്ങളാണ്. വീറ്റോ പവർ പ്രയോഗിക്കുന്ന വൻശക്തി രാജ്യങ്ങൾ നീതി തത്ത്വങ്ങൾക്കനുസൃതമായാണോ അവ പ്രയോഗിക്കുന്നതെന്ന് വിശകലനം ചെയ്തു നോക്കേണ്ടിയിരിക്കുന്നു. സഹായം ആവശ്യമായി വരുമ്പോൾ കൈനീട്ടപ്പെടുന്നത് വൻ ശക്തി രാജ്യങ്ങൾക്ക് നേരെയാണ്.

ഞാൻ നേരത്തെ പറഞ്ഞതു പോലെ, എക്കാലവും നീതി ഉയർത്തിപ്പിടിച്ചതാണ് ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ചരിത്രം. ഞങ്ങളതിന് സാക്ഷികളാണ്. ഈ മഹിതപാരമ്പര്യത്തിന്റെ പുരസ്കർത്താക്കളായ നിങ്ങളുടെ ശ്രദ്ധയിൽ കുറച്ച് കാര്യങ്ങൾ കൂടി കൊണ്ടുവരാൻ ഞാൻ ഉത്സുകനാണ്.

ലോകത്ത് സമാധാനം സ്ഥാപിതമാക്കാൻ ഞങ്ങൾ പഠിച്ച മറ്റൊരു തത്ത്വം അന്യരുടെ സമ്പത്തിൽ ദുരാഗ്രഹത്തോടെ ദൃഷ്ടിപതിപ്പിക്കരുതെന്നാണ്. വിശുദ്ധഖുർആൻ പറയുന്നു:

***"അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുക്കുന്നതിന്റെ നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത്. അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ് നാം അത് നൽകിയത്.''*** **(20:132).**

അന്യരുടെ സമ്പത്തിനോടുള്ള ആർത്തിയും അസൂയയുമാണ് ലോകത്ത് സംഘർഷങ്ങൾ പെരുകുന്നതിന് കാരണം. വ്യക്തിതലത്തിൽ നോക്കുമ്പോൾ പഴമൊഴിയിൽ പറഞ്ഞത് പോലെ തന്റെ അയൽക്കാരന്റെ വിഭവങ്ങളിൽ ആസക്തനായി തനിക്കും അത് പോലെ ആവണമെന്ന ഒടുങ്ങാത്ത ദുര വ്യക്തിയെ അസ്വസ്ഥനാക്കി ഒടുവിൽ നാശത്തിലെത്തിക്കുന്നു. സമൂഹത്തിനായാലും ഇത്തരം ദുരാഗ്രഹം അതിന്റെ സമാധാനം നശിപ്പിക്കുവാൻ കാരണമാവുന്നു. ദേശീയതലത്തിലാവട്ടെ ദുരാഗ്രഹത്തോടുകൂടി ആരംഭിക്കുന്ന കിടമത്സരങ്ങൾ ലോകസമാധാനം നശിപ്പിക്കാൻ കാരണമാവുന്നു. ഇത് ചരിത്രത്തിൽ തെളിയിക്കപ്പെട്ടകാര്യമാണ്. അതായത്, അന്യരുടെ സമ്പത്തിനോടുള്ള അസൂയ ദുരാഗ്രഹം വർദ്ധിപ്പിക്കുമെന്നും അങ്ങനെ വളരുന്ന ദുരാഗ്രഹം നാശത്തിനു കാരണമാകുമെന്നും സാമാന്യ ബുദ്ധിയുള്ള ഏതൊരു വ്യക്തിക്കും മനസ്സിലാക്കാവുന്നതാണ്.

അതുകൊണ്ടാണ് ഒരാൾ തന്റെ സമ്പത്ത് കൊണ്ട് മാത്രം തൃപ്തിപ്പെടുകയും അതിൽ നിന്ന് മാത്രം ഫലമെടുക്കാൻ പാടുള്ളുവെന്നും സർവ്വശക്തനായ ദൈവം പറയുന്നത്. ഒരു ദേശം തദ്ദേശീയമായ പ്രകൃതി വിഭവങ്ങളിൽ നിന്നാണ് ഫലം തേടേണ്ടത്. എന്നാൽ രാജ്യങ്ങൾ ചേർന്ന് സഖ്യങ്ങളും ശാക്തികച്ചേരികളുമുണ്ടാക്കുന്നത് മറ്റു രാജ്യങ്ങളുടെ വിഭവങ്ങളിൽ നിന്നും ഫലമെടുക്കാനാണ്. ഇത് സംബന്ധിച്ച് ധാരാളം പേർ പുസ്തകങ്ങളെഴുതിയിട്ടുണ്ട്. അവരിൽ പലരും മുൻകാലങ്ങളിൽ ഭരണകൂടങ്ങളുടെ ഉപദേശകന്മാരായി സേവനമനുഷ്ടിച്ചവരാണ്. മറ്റു രാജ്യങ്ങളുടെ സമ്പത്ത് എങ്ങനെ ചില രാജ്യങ്ങൾ കൈക്കലാക്കുന്നു എന്നതിന്റെ വിശദവിവരങ്ങൾ ആ പുസ്തകങ്ങളിൽ കാണാം. ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യത്തിന്റെ നിജസ്ഥിതി അവർക്ക് മാത്രമേ അറിയൂ. ദൈവമാണ് എല്ലാം

ഏറ്റവും നന്നായി അറിയുന്നവൻ. പക്ഷേ, ഈ വിവരണങ്ങൾ വായിക്കുമ്പോൾ പാവപ്പെട്ട രാജ്യങ്ങളിൽ നിന്നുള്ള കൂറുള്ള ഒരു പൗരന്റെ ഹൃദയത്തിൽ അത് വളരെ ഗുരുതരമായ ആശങ്കകൾ ഉണ്ടാക്കുന്നു. ഇത് ഭീകരവാദത്തിന് കാരണമാവുകയും ചെയ്യുന്നു. കൂട്ട നശീകരണായുധങ്ങളുടെ നിർമ്മാണത്തിന് ഹേതുവും ഇത്തരം ചൂഷണങ്ങളാണെന്ന് അയാൾ തിരിച്ചറിയുകയും ചെയ്യുന്നു. പഴയ കാലത്തെ അപേക്ഷിച്ച് ഇക്കാലത്ത് ലോകം കൂടുതൽ സമചിത്തത പാലിക്കുന്നുവെന്നും വിദ്യാസമ്പന്നമാണെന്നും പ്രബുദ്ധമാണെന്നും നാം വിചാരിക്കുന്നു. ദരിദ്രരാജ്യങ്ങളിൽ പോലും വിദ്യാഭ്യാസ രംഗത്ത് അതാത് മേഖലകളിൽ പ്രതിഭാശാലികളായ വ്യക്തികളുണ്ട്. ഉന്നത നിലവാരമുള്ള അത്തരം പ്രതിഭകൾ ലോകത്തിലെ പല വലിയ ഗവേഷണകേന്ദ്രങ്ങളിലും കൂട്ടായ യത്നങ്ങൾ നടത്തുന്നു. മുൻകാലങ്ങളിലെ ചില അബദ്ധങ്ങളും വിദ്വേഷാത്മകമായ ചിന്താഗതികളും ഭീകരമായ യുദ്ധത്തിലേക്ക് നയിക്കുകയും ജനങ്ങൾക്കിടയിൽ ശത്രുത സംജാതമാക്കുകയും ചെയ്തിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. എന്നാൽ, ജനങ്ങൾ കൂട്ടായി പ്രവർത്തിക്കുന്ന ഇത്തരം സാഹചര്യങ്ങൾക്ക് മേൽപറഞ്ഞ സംഘർഷങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന് നാം മനസ്സിലാക്കണം. ദൈവം നല്കിയ ബുദ്ധി വൈഭവവും ശാസ്ത്രീയ പുരോഗതിയും മാനവരാശിയുടെ ക്ഷേമത്തിനു വേണ്ടി വിനിയോഗിക്കുകയും അനുവദനീയ മാർഗ്ഗങ്ങളിലൂടെ മാത്രം ഒരാൾ മറ്റൊരാളുടെ വിഭവങ്ങളിൽ നിന്ന് ഫലമെടുക്കുകയുമാണ് ചെയ്യേണ്ടത്.

ദൈവം ഓരോ രാജ്യത്തിനും ആവശ്യമായ പ്രകൃതി വിഭവങ്ങൾ നല്കിയിട്ടുണ്ട്. അത് പൂർണ്ണമായും വിനിയോഗിക്കുകയാണെങ്കിൽ ലോകത്തെ ശാന്തിയുടെ പറുദീസയാക്കി മാറ്റാൻ അതുതന്നെമതി. ദൈവം പലരാജ്യങ്ങൾക്കും വിവിധങ്ങളായ കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കാനാവശ്യമായ കാലാവസ്ഥയും പരിസ്ഥിതിയുമാണ് നല്കിയത്. ശരിയായ ആസൂത്രണത്തിലൂടെ ആധുനിക സാങ്കേതികവിദ്യ പ്രയോഗിക്കുകയാണെങ്കിൽ അവരുടെ സമ്പദ്ഘടന ശക്തിപ്പെടുകയും ലോകത്ത് നിന്ന് പട്ടിണി വിപാടനം ചെയ്യപ്പെടുകയും ചെയ്യുമായിരുന്നു. ധാതു വിഭവങ്ങൾ കൊണ്ടനുഗൃഹീതമായ അത്തരം രാജ്യങ്ങളെ വികസിക്കാനും ന്യായമായ വിലയിൽ അവരുടെ നിർമ്മിത വസ്തുക്കൾ വ്യാപാരം ചെയ്യാനും സ്വതന്ത്രമായി അനുവദിക്കണം. അങ്ങനെ ഒരു രാജ്യത്തിന്റെ വിഭവങ്ങൾ മൂലം മറ്റു രാജ്യങ്ങളും ഫലമെടുക്കണം. ഇതാണ് ശരിയായ മാർഗ്ഗം, സർവ്വ ശക്തനായ ദൈവം ഇഷ്ടപ്പെടുന്ന മാർഗ്ഗവും ഇത് തന്നെയാണ്.

ദൈവം തന്റെ ദൂതന്മാരെ ജനങ്ങളിലേക്കയച്ചത് അവനുമായി ജനങ്ങളെ അടുപ്പിക്കാനും വഴികാണിക്കാനും വേണ്ടിയാണ്. അതേ സമയം വിശ്വാസ കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്നും ദൈവം പറഞ്ഞിരിക്കുന്നു.

രക്ഷയും ശിക്ഷയും മരണാനന്തമുള്ള കാര്യങ്ങളാണ്. എന്നാൽ ദൈവം സംവിധാനിച്ച ഇത്തരമൊരു വ്യവസ്ഥിതിക്ക് കീഴെ അവന്റെ സൃഷ്ടികൾ ക്രൂരമായി ഹിംസിക്കപ്പെടുകയും നീതിന്യായ വ്യവസ്ഥ അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ പ്രകൃതി നിയമങ്ങൾതന്നെ സംഹാരാത്മകമായി പ്രതികരിക്കുന്നു. അതിന്റെ പരിണതഫലം ഈ ലോകത്ത് വെച്ച്തന്നെ നമുക്ക് കാണാവുന്നതാണ്. അത്തരം അനീതികൾ ക്കെതിരായ പ്രതികരണങ്ങൾ നമുക്ക് നിരീക്ഷിക്കാവുന്നതാണ്. അത്തരം പ്രകൃതിയുടെ പ്രതികരണങ്ങളിൽ പ്രതികാരാത്മകമായത് ഏത്, സ്വാഭാവികമായത് ഏത് എന്ന് ഉറപ്പിച്ചു പറയാൻ സാധ്യമല്ല.

ലോകം ജയിച്ചടക്കാനുള്ള സത്യസന്ധമായ മാർഗ്ഗം ദരിദ്ര രാജ്യങ്ങൾക്ക് അവരുടെ ന്യായമായ വിഹിതം നല്കലാണ്. കടക്കെണി എന്നറിയപ്പെടുന്ന വിചിത്രമായ ആഗോള സാമ്പത്തികക്കുഴപ്പമാണ് ഇന്നത്തെ മുഖ്യ പ്രശ്നം. ഒരു കാര്യം വളരെ പ്രകടമാണ്. വിശുദ്ധ ഖുർആൻ നമ്മോട് പലിശ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. കാരണം, പലിശ എന്നത് ഗാർഹികവും ദേശീയവും അന്തർദേശീയവുമായ ഒരു ശാപമാണ്. പലിശ സ്വീകരിക്കുന്ന ആൾ, ഒരുദിനം പിശാച്ബാധയേറ്റ് മതിഭ്രമം വന്നയാളെപ്പോലെ ആയിത്തീരുമെന്ന് നമ്മോട് ഖുർആൻ താക്കീത് ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഞങ്ങൾ, മുസ്ലിംകൾ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് ആജ്ഞാപിക്കപ്പെട്ടവരാണ്. പലിശ വ്യാപാരം

നിങ്ങളും ഒഴിവാക്കുക. കാരണം, പ്രത്യക്ഷത്തിൽ നിങ്ങൾക്ക് ധനം വർദ്ധിക്കുന്നതായി കാണാമെങ്കിലും പലിശയിൽ നിന്ന് ലഭിക്കുന്ന പണം ഒരിക്കലും നിങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നില്ല. അതിന്റെ വിനാശകരമായ യഥാർത്ഥ ഫലം കാണിക്കുന്ന ഒരു സമയം അനിവാര്യമായും വന്നുചേരുന്നതാണ്. ഒരിക്കലും തന്നെ പലിശവ്യാപാരത്തിൽ ഏർപ്പെടരുതെന്ന് താക്കീത് ചെയ്യപ്പെട്ടവരാണ് ഞങ്ങൾ. ആരായാലും പലിശയിടപാടുമായി മുന്നോട്ടുപോകുകയാണെങ്കിൽ അത് ദൈവവുമായി പോരിനിറങ്ങലാണെന്നാണ് താക്കീത്.

ഇന്നത്തെ ക്രെഡിറ്റ് ക്രഞ്ച് (Credit crunch) എന്നറിയപ്പെടുന്ന പ്രതിഭാസത്തിൽ ഈ വസ്തുത വളരെ വ്യക്തമാണ്. തുടക്കത്തിൽ ആളുകൾ ആസ്തികൾ വാരിക്കൂട്ടാൻ പണം പലിശക്ക് കടം വാങ്ങുന്നു. പക്ഷേ, അവർക്ക് ആ ആസ്തികളുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് മുമ്പേ അവർ കടത്തിന്റെ ഭാരം താങ്ങാനാവാതെ തകർന്നുപോകുന്നു. പക്ഷേ, ഇപ്പോൾ ഭരണകൂടങ്ങളും കടത്തിന്റെ ഭാരം താങ്ങാനാവാതെ മതിഭ്രമം പിടിപെട്ടത്പോലെ ആയിത്തീർന്നിരിക്കുന്നു. വലിയ കമ്പനികൾ കടംകൊണ്ട് പാപ്പരായിത്തീർന്നു. ചില ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും തകരുകയോ ചിലത് രക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഈയൊരവസ്ഥ ദരിദ്രരോ സമ്പന്നരോ ആവട്ടെ എല്ലാരാജ്യങ്ങളിലുമുണ്ട്. ഈ പ്രതിസന്ധിയെക്കുറിച്ച് എന്നേക്കാൾ നിങ്ങൾക്ക് നന്നായറിയാം. നിക്ഷേപകന് പണം നഷ്ടപ്പെട്ടുകഴിഞ്ഞു. ഭരണകൂടത്തിന്റെ സമീപനത്തെ ആശ്രയിച്ചാണ് ഇനി കാര്യങ്ങൾ തീരുമാനിക്കപ്പെടുക. പക്ഷേ, കുറച്ചുകാലത്തേക്കെങ്കിലും ലോകത്തിലെ മിക്കരാജ്യങ്ങളിലേയും കുടുംബങ്ങളുടേയും കച്ചവടക്കാരുടേയും ഭരണ നേതാക്കന്മാരുടെയും മാനസികസമാധാനം  ഇതുമൂലം തകർന്നിരിക്കുന്നു. വളരെ മുമ്പേതന്നെ ലോകത്ത് സംഭവിക്കാനിരുന്ന ഈ വിപത്തിനെ സംബന്ധിച്ച് താക്കീത് നല്കപ്പെട്ടതാണ്. അതിന്റെ ഈ അവസ്ഥയിലുള്ള പരിണിതി നമ്മെ ചിന്തിപ്പിക്കാൻ നിർബന്ധിതരാക്കുന്നില്ലേ? ഇതിന്റെ അനന്തര ഫലമെന്തായിരിക്കുമെന്ന് ദൈവത്തിന് മാത്രമേ നന്നായറിയൂ.

സർവ്വശക്തനായ ദൈവം പറഞ്ഞിട്ടുള്ളത്; സമാധാനത്തിലേക്ക് വരിക എന്നാണ്. വ്യവഹാരങ്ങൾ സംശുദ്ധമായിരിക്കുകയും ന്യായയുക്തവും ഉചിതവുമായ രീതിയിൽ വിഭവങ്ങൾ വിനിയോഗിക്കപ്പെടുകയും ചെയ്യുക. അങ്ങനെ മാത്രമേ സമാധാനം ഉറപ്പു വരുത്താൻ സാധിക്കൂ.

ഞാൻ ഉപസംഹരിക്കട്ടെ, ഞങ്ങളുടെ അദ്ധ്യാപനങ്ങളുടെ സാര സംഗ്രഹമാണിത്. ദൈവത്തിലേക്ക് തിരിയുന്നതിലൂടെ മാത്രമേ ലോകത്ത് യഥാർത്ഥ സമാധാനം സംജാതമാകുകയുള്ളു. ഈയൊരു വസ്തുത ഗ്രഹിക്കാൻ ദൈവം ലോകത്തെ തുണക്കട്ടെ. അപ്പോൾ മാത്രമേ അവർക്ക് അന്യരോടുള്ള കർത്തവ്യങ്ങൾ നിറവേറ്റാൻ സാധ്യമാവൂ.

എനിക്ക് ഇവിടെവരാൻ സാധിച്ചതിനും എന്റെ ഭാഷണം ശ്രവിച്ചതിനും ഞാൻ നിങ്ങളോരോരുത്തരോടും നന്ദിയുള്ളവനാണ്.

നിങ്ങൾക്കെല്ലാം എന്റെ ഹൃദയംഗമമായ കൃതജ്ഞത അറിയിക്കട്ടെ.

**